പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1555 | 12-06-2019-ലെ മറുപടിയ്ക്ക്

## കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ.കെ.വിജയൻ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം നേരിട്ട മഹാപ്രളയത്തിനു ശേഷം കർഷകർക്ക് ആശ്വാസം നല്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി അനുവദിച്ച 54 കോടി രൂപ ഉൾപ്പെടെ ആകെ 164.51 കോടി രൂപ ഇതുവരെ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br>പ്രളയം മൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിന് 22.60338 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയുടെ 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുടെ 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.<br>പ്രളയത്തിൽ കൃഷിനാശം സംഭവിച്ച |

| | | | |
|---|---|---|---|
| | | | 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.<br>കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായ് 26.21583 ലക്ഷം രൂപയും മഴക്കെടുതി മൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, പമ്പ് സെറ്റ്, പെട്ടി പറ എന്നിവ റിപ്പയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.<br>ഇതിനെല്ലാം പുറമേ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുക്കൃഷി ആരംഭിക്കുന്നതിനും വിത്ത്/ കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണത്തിനും, നടീൽ വസ്തുക്കളുടെ വിതരണത്തിനും, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 -ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി |

| | | | |
|---|---|---|---|
| | | | പാക്കേജിനും അംഗീകാരം ലഭിച്ചു ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.<br>കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർക്ക് പൊതു മേഖല വാണിജ്യ സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗ സംരക്ഷണം ഉൾപ്പടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.12.2019 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| **(ബി)** | വിളനാശത്തിന് സഹായധനം നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് ആവശ്യമായ കാലാവധി കർഷകർക്ക് ലഭ്യമാക്കിയോ;വ്യക്തമാക്കുമോ; | **(ബി)** | അപേക്ഷകൾ സ്വീകരിക്കുന്നതിന് 2018 ഒക്ടോബർ 6 വരെ സമയം അനുവദിച്ചിരുന്നു. |
| **(സി)** | വിളനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി തുക വിതരണം ചെയ്തിരുന്നോ; വ്യക്തമാക്കുമോ; | **(സി)** | പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. |
| **(ഡി)** | പ്രളയാനന്തരം സംസ്ഥാനത്തെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങൾ ആയവർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തിരുന്നോ;വിശദമാക്കുമോ? | **(ഡി)** | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**